**‹ അനുസ്മരണം ›**

# ടി.പി മുഹമ്മദ് ഇസ്മായിൽ

**കാഞ്ഞിരപ്പള്ളി** പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്നു ഈരാറ്റുപേട്ട തലപ്പള്ളി വീട്ടിൽ മുഹമ്മദ് ഇസ്മായിൽ. ഈരാറ്റുപേട്ടയിലെ മതപണ്ഡിത കുടുംബത്തിൽ ജനിച്ചുവളർന്ന മുഹമ്മദ് ഇസ്മായിൽ മതവിദ്യാഭ്യാസം നേടിയത് കാഞ്ഞിരപ്പള്ളിയിലാണ്. തുടർന്ന് കാഞ്ഞിരപ്പള്ളി എൻ.എച്ച്.എ.യു.പി സ്കൂളിൽ അധ്യാപകനായി ചാർജെടുത്തു.



ഒരു സുന്നിപണ്ഡിതൻ എന്ന നിലയിൽ അറിയപ്പെട്ട ഇസ്മായിൽ സാഹിബ് ജമാഅത്തെ ഇസ്‌ലാമിയിൽ ആകൃഷ്ടനാവുകയും തുടർന്ന് പ്രസ്ഥാനത്തിൽ സജീവമാവുകയും ചെയ്തു. ഈരാറ്റുപേട്ടയിൽനിന്ന് വിവാഹം ചെയ്ത അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തകനായി മാറിയ വിവരം യാഥാസ്ഥിതികരായ ഭാര്യാവീട്ടുകാരെ പ്രകോപിപ്പിക്കുകയും, അവർ ഭാര്യയെ അദ്ദേഹത്തിൽ നിന്ന് വേർപ്പെടുത്തുകയും ചെയ്തു. ആദർശധീരനായ അദ്ദേഹം പ്രസ്ഥാനത്തിൽ ഉറച്ചുനിന്നതിന്റെ ഫലമായി ഭാര്യയെ ഉപേക്ഷിക്കുവാൻ നിർബന്ധിതനായി.

കാഞ്ഞിരപ്പള്ളിയിലെ പരിസര പ്രദേശമായ മണങ്ങല്ലൂരിൽ ഇമാമും, ഖത്വീബുമായി ജോലി സ്വീകരിച്ച അദ്ദേഹം ആ പ്രദേശത്ത് ജമാഅത്തിന് അനുഭാവികളെ ഉണ്ടാക്കുന്നതിലും പരമ്പരാഗതമായി പള്ളിയിൽ ആചരിച്ചുപോന്നിരുന്ന ഖുറാഫാത്തുകൾ അവസാനിപ്പിക്കുന്നതിലും വിജയിക്കുകയുണ്ടായി. ഇടക്കാലത്ത് കാഞ്ഞിരപ്പള്ളി പ്രാദേശിക ജമാഅത്തിന്റെ അമീറായിരുന്നു.

കാഞ്ഞിരപ്പള്ളിയിലെ ഒരു പ്രസ്ഥാന പ്രവർത്തകന്റെ സഹോദരിയായ ലൈലയെയാണ് പിന്നീട് അദ്ദേഹം വിവാഹം ചെയ്തത്. രണ്ടു പെൺകുട്ടികളും നാല് ആൺകുട്ടികളുമുണ്ട്. മക്കളെല്ലാം പ്രസ്ഥാന രംഗത്ത് സജീവരാണ്

**എ.എം**

# പി. മൊയ്തു

**കരിങ്ങനാട്** പടിഞ്ഞാറക്കര മൊയ്തു സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി. ചുറ്റുവട്ടങ്ങളിൽ ഒരുപാട് തണൽ മരങ്ങൾ നട്ട് നനച്ച് വളർത്തിയ ശേഷമായിരുന്നു സേവനത്തിന്റെ ആ മഹാവൃക്ഷം നിലം പൊത്തിയത്. ഹിമായത്തുൽ ഇസ്‌ലാം ചാരിറ്റബ്ൾ ട്രസ്റ്റ്, കരുണ ചാരിറ്റബ്ൾ ട്രസ്റ്റ്, പ്രസ്ഥാന കുടിവെള്ള പദ്ധതികൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ അദ്ദേഹത്തിന്റെ മിഴിവാർന്ന മുദ്രകൾ പതിഞ്ഞു. ദീർഘകാലം വിദേശത്ത് ജോലി ചെയ്ത അദ്ദേഹം ഒട്ടനവധി യുവാക്കൾക്ക് തൊഴിൽദാതാവായി. ആർ എന്ത് ആവശ്യങ്ങൾ അറിയിക്കുമ്പോഴും അത് സ്വന്തം ആവശ്യമായി കണ്ട് പ്രവർത്തിക്കും. തന്റെ നിലപാടുകൾ ആരുടെ മുന്നിലും ആർജവത്തോടെ പ്രഖ്യാപിച്ചിരുന്നു. പ്രസ്ഥാന കുടുംബത്തിലെ ചെറിയ അംഗങ്ങളുടെ കഴിവുകളെ പ്രോത്സാഹിപ്പിച്ചും അഭിനന്ദിച്ചും വളർത്തി. സ്വന്തം കുടുംബത്തിലെ മുഴുവൻ അംഗങ്ങളെയും പ്രസ്ഥാന പ്രവർത്തന മണ്ഡലത്തിൽ ചേർത്തുനിർത്തി. കരിങ്ങനാട് മൗണ്ട് സഫ ഇംഗ്ലീഷ് സ്കൂളിന്റെയും ഇസ്‌ലാമിക് ഓറിയന്റൽ ഹൈസ്കൂളിന്റെയും പ്രദേശത്തെ പ്രസ്ഥാനത്തിന്റെയും വളർച്ചയിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു.



ജമാഅത്തെ ഇസ്‌ലാമി പട്ടാമ്പി മുൻ ഏരിയ പ്രസിഡന്റ് കൂടിയായിരുന്നു അദ്ദേഹം. ചിട്ടയും നിഷ്ഠയും കൈമുതലാക്കിയ കർമശൈലിക്ക് മൊയ്തു സാഹിബ് മാതൃകയായിരുന്നു.

**എ.കെ നൗഫൽ**

# ലൈലാ ബീവി



**കൊല്ലം** ജില്ലയിലെ കടയ്ക്കൽ ഏരിയയിലെ പേഴുകൂട് വനിതാ കാർക്കൂൻ ഹൽഖയിലെ സജീവ പ്രവർത്തകയായിരുന്നു ലൈലാ ബീവി. രണ്ട് പതിറ്റാണ്ട് മുമ്പ് പുനർവിവാഹവുമായി ബന്ധപ്പെട്ട് അല്ലാഹു ഹിദായത്തിന്റെ വെളിച്ചം നൽകിയ അവർ അന്ത്യംവരെയും അത് കെടാതെ കാത്തുസൂക്ഷിച്ചു. അവസാന നാളുകളിൽ ചികിത്സാർഥം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിടക്കുമ്പോഴും ഓപ്പറേഷൻ തിയേറ്ററിലേക്ക് കയറ്റുമ്പോഴും തലയിൽ നിന്നുള്ള ഔറത്ത് അൽപം പോലും വെളിവാകാതിരിക്കാൻ ശ്രദ്ധിക്കുന്ന അവരുടെ പെരുമാറ്റം ആരിലും ഈമാനികാവേശം ഉണ്ടാക്കുന്നതായിരുന്നു. ഒന്നരപ്പതിറ്റാണ്ട് മുമ്പ് ഭർത്താവ് മർഹൂം ശിഹാബുദ്ദീൻ സാഹിബ് ലൈലാബീവിയുടെ കൈപിടിച്ച് പേഴുമൂട് വനിതാ ഹൽഖയിൽ കൊണ്ടുവന്നത് അവരെ ദീൻ പഠിപ്പിക്കാനായിരുന്നു. ഭർത്താവിന്റെ മരണശേഷവും ദീനിലും ഇസ്‌ലാമിക പ്രസ്ഥാനത്തിലും അടിയുറച്ച്നിന്ന് അവർ ദീനീപ്രതിബദ്ധത പുലർത്തി. സ്നേഹനിധിയായ ഈ ഉമ്മയെ പരിചരിക്കുന്നതിൽ ഹിന്ദുവിശ്വാസിനികളായ അവരുടെ രണ്ട് പെൺമക്കളും പേരമക്കളും സർവസന്നദ്ധരായി ഒപ്പമുണ്ടായിരുന്നു. ആശുപത്രിക്കിടക്കയിലും ഇസ്‌ലാമിക പ്രവർത്തകർ ഒപ്പമുണ്ടാകണമെന്ന അവരുടെ അന്ത്യാഭിലാഷം നിറവേറ്റാൻ, കടയ്ക്കൽ ഏരിയാ പ്രവർത്തകരും തിരുവനന്തപുരം ജില്ലാ ഐ.ആർ.ഡബ്ല്യൂ പ്രവർത്തകരും ശ്രദ്ധിച്ചു. മക്കൾ: മിനി (ഇടുക്കി), ബിന്ദു (പൂന).

**സുമയ്യ കൊച്ചുകലുങ്ക്, കൊല്ലം**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*